**ALL KERALA TRADE INSTRUCTORS AND TRADESMAN ORGANISATION**

**DEPARTMENT OF TECHNICAL EDUCATION**

**Reg. No. 268/92, Govt. Recognised as per GO (P) 34/92 P&ARD Dated 19-08-92**

**STATE COMMITTEE**

Aardram Building, TC No. 5/1178 -3, Ambady Nagar Lane 5,
Sreekariyam P.O.Thiruvananthapuram. Kerala. Pin: 695 017

**Ph: 7012963610**

For Internal Circulation only

# AKTO NEWS LETTER

Volume -V Issue :1 November 2023

aktostatecommittee@gmail.com

www.akto.org.in


## സന്ദേശം



**ഉണ്ണിക്കൃഷ്ണൻ എ.,**
ആക്റ്റോ സ്ഥാപക നേതാവ്

ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ അന്ന് നേരിട്ടിരുന്ന, അനുഭവിച്ചിരുന്ന അവഗണനയുടെയും മറ്റും ഫലമായി പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ നിന്നാണ് ആദ്യമായി ജീവനക്കാർ സംഘടിക്കാൻ തുടങ്ങിയത്. അങ്ങനെ 1991 ൽ ആക്റ്റോ സംഘടനയ്ക്ക് തുടക്കമായി. സംഘടനയുടെ ആദ്യകാല പ്രസിഡന്റ് തൃശ്ശൂർ എം.ടി.ഐയിൽ നിന്നും വിരമിച്ച ശ്രീ. യു.എസ്. ഭാസ്ക്കരൻ മാഷായിരുന്നു. സംഘടനയുടെ അന്നത്തെ ഓഫീസ് ഷൊർണ്ണൂർ റ്റി.എച്ച്.എസ്.ന് സമീപമായിരുന്നു. 11 പേരായിരുന്നു ആദ്യം സംഘടനയിലുണ്ടായിരുന്നത്. ഇവരുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി മറ്റുള്ള സ്ഥാപനങ്ങളിലും അംഗങ്ങളെ ചേർക്കുകയും സംസ്ഥാന സംഘടനയുണ്ടാക്കുകയും അങ്ങനെ സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു.

ജീവനക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ ഒട്ടേറെ സമരങ്ങൾ നടത്തി. നീതിയ്ക്ക് വേണ്ടിയുള്ള പോരാട്ടം കേരള ഹൈക്കോടതി വരെ എത്തി. ഏറെ പിന്തള്ളപ്പെട്ടുപോയ ഒരു വിഭാഗം ജീവനക്കാരുടെ തിരിച്ചുവരവിന്റെ ഐതിഹാസിക കഥകൾ തുടരും. കടമകൾ സുപ്രധാനം. രാജ്യപുരോഗതി സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ. സാങ്കേതിക വിദ്യയിലൂടെ നാം മുന്നോട്ട്....

## 31–ാം സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് വച്ച് നടത്തി




എ.കെ.ടി.ഒ.യുടെ 31–ാം സംസ്ഥാന സമ്മേളനം 2022 ജൂലൈ 13 ന് കേരളത്തിന്റെ തലസ്ഥാന നഗരിയിലെ പ്രസിദ്ധമായ അയ്യങ്കാളി ഹാളിൽ (വി.ജെ.റ്റി. ഹാൾ) വച്ച് നടത്തി. ബഹു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.സംസ്ഥാന പ്രസിഡന്റ് എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്. വൽസലകുമാർ സ്വാഗതം പറഞ്ഞു. എസ്.ഇ.യു സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ്, എ.കെ.ടി.ഒ. സംസ്ഥാന ട്രഷറർ വി. പി. എൽദോസ്, സംസ്ഥാന വൈസ് പ്രസിഡന്റ്മാരായ എൻ.ആർ. ശ്രീജിമോൻ, അജയകുമാർ. പി. റ്റി, സംസ്ഥാന സെക്രട്ടറിമാരായ ജി.രഞ്ജിത്ത്കുമാർ, ടി. ഐ. ഷാനവാസ്, യു.വി. ബൈജു, എസ്. ബേബി, ജീൻ വി.ബി എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ജി. സൂരജ് കൃതജ്ഞത പറഞ്ഞു. 2021–22 വർഷത്തെ വാർഷിക റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും യോഗത്തിൽ പാസാക്കി. 2022–23 വർഷത്തേക്കുള്ള ഭാരവാഹികളെ യോഗത്തിൽ വച്ചു തിരഞ്ഞെടുത്തു.

## 32–ാം സംസ്ഥാന സമ്മേളനം കൊല്ലത്ത് വച്ച്

എ.കെ.ടി.ഒ.യുടെ 32–ാം സംസ്ഥാന സമ്മേളനം 2023 ഡിസംബറിൽ കൊല്ലത്ത് വച്ച് നടത്തപ്പെടും. സംഘടനയുടെ സംസ്ഥാന സമ്മേളനത്തിന് മൂന്നാം തവണയാണ് കൊല്ലം ജില്ല ആതിഥ്യമരുളുന്നത്. സമ്മേളനത്തിൽ കേന്ദ്ര, സംസ്ഥാന മന്ത്രിമാർ, എം എൽ.എ. മാർ, കലാ സാഹിത്യ പ്രവർത്തകർ, വിവിധ സർവ്വീസ് സംഘടനാ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. സമ്മേളനത്തിന് മുന്നോടിയായുള്ള ജില്ലാ സമ്മേളനങ്ങൾ നവംബർ 30 ന് മുൻപും യൂണിറ്റ് സമ്മേളനങ്ങൾ നവംബർ 18 ന് മുൻപും നടത്തും.

## മെമ്പർഷിപ്പ് 2023

എല്ലാ വർഷവും സംഘടനയുടെ നിയമാവലി പ്രകാരം മെമ്പർഷിപ്പ് തുകയായ 20 രൂപയും വർക്കിംഗ് ഫണ്ടും അടച്ച് സംഘടനയുടെ അംഗത്വം പുതുക്കേണ്ടതാകുന്നു. മുൻ വർഷത്തെപ്പോലെ 2023 വർഷത്തേയ്ക്കുള്ള മെമ്പർഷിപ്പ് ഫീസ് 20/– രൂപയും വർക്കിംഗ് ഫണ്ട് 400/– രൂപയും അംഗങ്ങൾക്കായി ആപത് ഘട്ടങ്ങളിൽ ആശ്വാസ നിധിയിലേക്കായി 30/– രൂപയും ചേർത്ത് 450/– രൂപ ഒറ്റത്തവണ ഓൺലൈനായി സമാഹരിക്കുവാൻ തീരുമാനിച്ചു. ആയതിലേയ്ക്ക് ഗൂഗിൾ ഫോം പ്രവർത്തന സജ്ജമാക്കിയും മെമ്പർഷിപ്പ്–വർക്കിംഗ് ഫണ്ട് അടയ്ക്കുന്ന എല്ലാം അംഗങ്ങൾക്കും സംസ്ഥാന കമ്മറ്റിയുടെ രസീത് ഓൺലൈനായി നൽകുന്നതുമാണ്. അംഗങ്ങളിൽ നിന്നും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## പ്രസിഡന്റിന്റെ കോളം

**ബിജു എസ്.**, പ്രസിഡന്റ്



മുപ്പത്തിരണ്ടാം സമ്മേളന കാലയളവിലേക്ക് കടക്കുന്ന, ഉണ്ണിക്കൃഷ്ണൻ സാർ പടുത്തുയർത്തിയ ആക്റ്റോ എന്ന മഹത്തായ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങൾക്കും എന്റെ ഓരായിരം സ്നേഹാഭിവാദ്യങ്ങൾ.

വ്യത്യസ്ത രാഷ്ട്രീയ യൂണിയനുകൾക്കിടയിൽ രാഷ്ട്രീയമില്ലാതെ വർഗ്ഗ–മത വ്യത്യാസമില്ലാതെ മുപ്പത്തിഒന്ന് വർഷം സജീവമായി പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്നതുകൊണ്ട് ഈ സംഘടന നമ്മുടെയിടയിൽ എത്രത്തോളം ആവശ്യവും പ്രസക്തവും ആണെന്ന് മനസിലാക്കുവാൻ കഴിയും. കാലത്തിന്റെ മാറ്റം തിരിച്ചറിഞ്ഞു പുതു തലമുറയെ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രസ്ഥാനം കൂടുതൽ ശക്തിയായി മുന്നേറുക തന്നെ ചെയ്യും.

ഈ കാറ്റഗറിയിലെ ജീവനക്കാരെ ബാധിക്കുന്ന വിവിധ വിഷയങ്ങളിലും പൊതുവായ കാര്യങ്ങളിലും ഈ സംഘടന സത്വരമായി പ്രതികരിക്കുകയും ഇടപെടുകയും ചെയ്യുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾ കൂട്ടായ തീരുമാനത്തിലൂടെ ശക്തമായി തുടരുകതന്നെ ചെയ്യുമെന്ന് ഉറപ്പ് നൽകുന്നു. നിങ്ങളുടെ പിന്തുണയും വിശ്വാസവുമാണ് ഈ സംഘടനയുടെ കരങ്ങളുടെ ശക്തി എന്ന തിരിച്ചറിവോടെ ഏവർക്കും എന്റെ ഹൃദ്യമായ സ്നേഹാശംസകൾ.

# ആക്റ്റോ നവരത്ന അവാർഡ്




സമഗ്ര സംഭാവനയ്ക്കുള്ള ആക്റ്റോ 'നവരത്ന അവാർഡ്' സൈന്റിഫിക് എന്റർപ്രൈസസ് ഡയറക്ടർ പി.എൻനാരായണന് ബഹു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നല്കി ആദരിക്കുന്നു.

## 2022–23 വർഷത്തെ സംഘടനാ ഭാരവാഹികൾ

| | |
|---|---|
| സംസ്ഥാന പ്രസിഡന്റ് | ശ്രീ. ബിജു എസ്., എസ്.എൻ.പി.ടി.സി. കൊട്ടിയം |
| ജനറൽ സെക്രട്ടറി | ശ്രീ. സൂരജ് ജി., സിഇടി., തിരുവനന്തപുരം |
| ട്രഷറർ | ശ്രീ. വി.പി. എൽദോസ്, എം.എ.സി.ഇ., കോതമംഗലം |
| വൈസ് പ്രസിഡന്റുമാർ | ശ്രീ. എൻ.ആർ. ശ്രീജിമോൻ, ജി.ടി..എച്ച്.എസ്., കുറിച്ചി |
| | ശ്രീ. അജയകുമാർ പി.ടി., ജി.റ്റി.എച്ച്.എസ്., സുൽത്താൻ ബത്തേരി |
| | ശ്രീ. ഷാനവാസ് ടി. ഐ., എസ്.എസ്.എം. പോളിടെക്നിക്, തിരൂർ |
| | ശ്രീ. ഏലിയാസ് പോൾ, എം.എ.സി.ഇ. കോതമംഗലം |
| ജോ. സെക്രട്ടറിമാർ | ശ്രീ.ജയറാം.എ., എൻ.എസ്.എസ്.പോളിടെക്നിക് കോളേജ്,പന്തളം |
| | ശ്രീമതി. ബേബി. എസ് , ജി.ഇ.സി. പാലക്കാട് |
| | ശ്രീ. ബൈജു. യു. വി, ജി.ടി..എച്ച്.എസ്., വടകര |
| | ശ്രീ. ജീൻ വി.ബി.,.ജി.ഇ.സി. ബാർട്ടൺഹിൽ, തിരുവനന്തപുരം |
| സോണൽ സെക്രട്ടറിമാർ | ശ്രീ.കെ.അബ്ദുൽ റഹുമാൻ, ടി.കെ.എം.സി., കൊല്ലം |
| | ശ്രീ. ഐ. വി. സജീവ്, ജി.ഇ.സി., തൃശൂർ |
| | ശ്രീ. എം. നിജീഷ് വെസ്റ്റ് ഹിൽ, കോഴിക്കോട് |
| | ശ്രീ. സി. രഘു, എസ്.എൻ.പി.റ്റി.സി., കാഞ്ഞങ്ങാട് |
| ഓഡിറ്റേഴ്സ് | ശ്രീ. പ്രവീൺ കെ.രാജൻ, എസ്.എൻ.പി.റ്റി.സി., കൊട്ടിയം |
| | ശ്രീ. സജികുമാർ കെ.കെ., ജി.റ്റി.എച്ച്.എസ്., പാമ്പാടി |

## 24/09/2023 ന് ചേർന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങൾ

1. ട്രേഡ്സ്മാൻ തസ്തികയുടെ പേര് ജൂനിയർ ട്രേഡ് ഇൻസ്ട്രക്ടർ / അസിസ്റ്റന്റ് ട്രേഡ് ഇൻസ്ട്രക്ടർ എന്നാക്കി മാറ്റാവുന്നതാണ്. അംഗങ്ങളുടെ അഭിപ്രായം തേടണം.

2. യാതൊരു മാനദണ്ഡവുമില്ലാതെയുള്ള ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ 2023 പൊതുസ്ഥലമാറ്റ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകുവാൻ തീരുമാനിച്ചു. കോഴിക്കോട്, വെസ്റ്റ് ഹിൽ ഗവ.പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന കെ.കെ.ശശീന്ദ്രൻസാറിന്റെ ആരോഗ്യസ്ഥിതി പരിഗണിച്ചുള്ള അപേക്ഷ പോലും പരിഗണിച്ചില്ല എന്നും യോഗം ചൂണ്ടിക്കാട്ടി.

3. 11–ാം ശമ്പള പരിഷ്കരണത്തിലെ അനോമലി ഫയൽ ഫോളോ അപ്പ് ചെയ്യുവാൻ ജനറൽ സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി.

4. ട്രേഡ് ഇൻസ്ട്രക്ടർ റേഷ്യോ പ്രൊമോഷൻ ഉത്തരവ് ഉടൻ ഇറക്കുമെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഉറപ്പ് നൽകി.

5. Electronics and Instrumentation ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ ഇലക്ട്രോണിക്സ് ബ്രാഞ്ചുകളിലെ ജീവനക്കാർ(5) ഇരിക്കുന്നതുമൂലം സ്ഥാനക്കയറ്റ ഉത്തരവ് ഇറക്കുന്നതിനെ ബാധിക്കുന്നു. ബ്രാഞ്ച് മാറിയിരിക്കുന്ന ജീവനക്കാരുടെ ട്രാൻസ്ഫർ ഉടൻ നടപ്പിലാക്കിയതിനു ശേഷം ഈ മാസത്തിൽ തന്നെ സ്ഥാനക്കയറ്റ ഉത്തരവ് ഉണ്ടാകും എന്ന് ഡയറക്ടറേറ്റിൽ നിന്നും അറിയുവാൻ സാധിച്ചു. നിലവിൽ ഒഴിഞ്ഞു കിടക്കുന്നത് 56 ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയാണ്.

6. കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ഉടൻ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട്, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് നിവേദനം നൽകുവാനും തീരുമാനിച്ചു.

7. ടെക്നിക്കൽ ഹൈസ്കൂളുകളിൽ ശനിയാഴ്ചകൾ പ്രവൃത്തിദിനമായി പ്രഖ്യാപിച്ചത് സംബന്ധിച്ച് എ.കെ.ടി.ഒ. (AKTO/L/46/2023) 11/07/2023 ൽ നിവേദനം നൽകി. പ്രസ്തുത വിഷയത്തിൽ ബഹു. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ടു തേടി. പ്രസ്തുത ഫയൽ ഫോളോ അപ്പ് ചെയ്യുവാൻ ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

8. എ.പി.ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് എകെടി.ഒ. ഭാരവാഹികളെ ചർച്ചക്ക് വിളിക്കുകയും എന്നാൽ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന പല തീരുമാനങ്ങളിലും പുന:പരിശോധന ചെയ്തില്ല.

## എ.കെ.ടി.ഒ. സംസ്ഥാന വൈസ് പ്രസിഡന്റ് എസ്സ്. വത്സലകുമാർ വിരമിച്ചു



ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ട്രേഴ്സ് ആന്റ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ(എ.കെ.ടി.ഒ.) സംസ്ഥാന വൈസ് പ്രസിഡന്റ് എസ്സ്. വത്സലകുമാർ തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക് കോളേജ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ സ്ഥാനത്ത് നിന്നും വിരമിച്ചു. 2003 ൽ ശ്രീകൃഷ്ണപുരം ഗവ:എഞ്ചിനീയറിംഗ് കോളേജിൽ ലാസ്റ്റ് ഗ്രേഡ് സെർവെൻറായിട്ടായിരുന്നു ജോലിയിൽ പ്രവേശിച്ചത്. 2006 ൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തേക്ക് ട്രേഡ്സ്മാൻ ആയി ബൈ ട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ചു. 2007 ൽ യൂണിറ്റ് സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. 2009 ൽ സംസ്ഥാന ഓഡിറ്ററായും 2010 മുതൽ സംസ്ഥാന കമ്മിറ്റി അംഗമായും 2012 ൽ സംസ്ഥാന ജോയിൻറ് സെക്രട്ടറിയും പ്രവർത്തിച്ചു. 2016 മുതൽ സംസ്ഥാന വൈസ് പ്രസിഡന്റ്യായും പ്രവർത്തിച്ചു വരുകയായിരുന്നു. 2017 മുതൽ ആക്റ്റോ ന്യൂസ്ലെറ്ററിന്റെ എഡിറ്റോറിയൽ ബോർഡ് അംഗം കൂടിയായിരുന്നു. ഗവ:പോളിടെക്നിക് കോളേജ് കോതമംഗലം, ഗവ:പോളിടെക്നിക് കോളേജ് മുട്ടം, ഗവ: എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ എന്നീ സ്ഥാപനങ്ങളി ലും ട്രേഡ് ഇൻസ്ട്രക്ടർ ആയി പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്വദേശി ആണ് ഭാര്യ ഷീബ, മക്കൾ: ഫെബി(ഇലക്ട്രിക്കൽ എഞ്ചിനീയർ),ഫെമി(ഡിഗ്രി വിദ്യാർത്ഥിനി).

# 2023-24 അധ്യയന വർഷത്തിൽ സംഘടനയുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

17/06/2023 ന് എ.കെ.ടി.ഒ. സംസ്ഥാന ജനറൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമായി നേരിൽ കൂടിക്കാഴ്ച നടത്തുകയും സംഘടനയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.
1.ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം 2023 സ്പാർക്ക് നിർമ്മിത കരട് പട്ടിക സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ/ പരാതികൾ ഡയറക്ടറെ അറിയിച്ചു.
2. കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ് ഉടൻ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു.
3. ഒഴിഞ്ഞു കിടക്കുന്ന എല്ലാ ഒഴുവുകളും ഉടൻ നികത്തണമെന്ന് അവശ്യപ്പെട്ടു.

21/06/2023; ശമ്പള പരിഷ്കരണ ഉത്തരവ് ഇറങ്ങി 2 വർഷം കഴിഞ്ഞിട്ടും ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ കാറ്റഗറിയുടെ അനോമലി പരിഹരിക്കാത്ത സാഹചര്യത്തിൽ 11-ാം ശമ്പള പരിഷ്കരണ അനോമലി ഉടൻ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പ് മന്ത്രിയെ കണ്ട് നിവേദനം നൽകി. എ.കെ.ടി.ഒ ജനറൽ സെക്രട്ടറി ജി സൂരജ്, സംസ്ഥാന സെക്രട്ടറി ജീൻ വി ബി. എന്നിവർ നേതൃത്വം നൽകി. മുൻ വൈസ് പ്രസിഡൻ്റ് ഗിരിചന്ദ്രൻ നായർ സന്നിഹിതനായിരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയുടെ പേര് 'ട്രേഡ് ടെക്നീഷ്യൻ' എന്നാക്കി മാറ്റി ഉത്തരവിറക്കി. ഉത്തരവ് പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് എ.കെ.ടി.ഒ. നിവേദനം നൽകി. അംഗീകൃത സർവീസ് സംഘടനകളുമായി ചർച്ച നടത്തിയതിന് ശേഷം മാത്രം പേരുമാറ്റം നടപ്പിലാക്കാവൂ എന്നും അഭ്യർത്ഥിച്ചു.

11/07/2023: ഗവ.ടെക്നിക്കൽ ഹൈസ്കൂളുകൾ ശനിയാഴ്ചകൾ പ്രവൃത്തിദിനമായി പ്രഖ്യാപിച്ചു. ഈ വിഷയം പരിശോധിച്ച് ആഴ്ചയിലെ 5 ദിവസത്തെ പ്രവൃത്തിദിന സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് എ.കെ.ടി.ഒ. നിവേദനം നൽകി.

14/07/2023:- കെ.ടി.യു. ചട്ടങ്ങളിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.കെ.ടി.ഒ. ഭാരവാഹികൾ, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിററി വൈസ് ചാൻസലർ ഡോ.സജി ഗോപിനാഥുമായി കൂടിക്കാഴ്ച നടത്തുകയും വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. എ.കെ.ടി.ഒ സംസ്ഥാന ജനറൽ സെക്രട്ടറി സൂരജ് ജി., സംസ്ഥാന വൈസ് പ്രസിഡൻറ് ഏലിയാസ് പോൾ, സംസ്ഥാന കമ്മിററി അംഗം എം. നൈസാം, ജില്ലാ കമ്മിററി അംഗം മുഹമ്മദ് അഷറഫ്, ടി.കെ.എം.കോളേജ് എഞ്ചിനീയറിംഗ് യൂണിററ് പ്രസിഡൻറ് ഷെഫീക്ക്, സെക്രട്ടറി ഷെർജ്ജു എന്നിവർ നേതൃത്വം നൽകി. പ്രസ്തുത വിഷയങ്ങൾ അടുത്ത സിൻഡിക്കേററ് യോഗത്തിൽ ചർച്ച ചെയ്യാം എന്ന് അദ്ദേഹം ഉറപ്പ് നൽകി.

19/07/2023:- മുൻ കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി സാറിൻെറ ഭൗതിക ശരീരം സെക്രട്ടേറിയററ് ദർബാർ ഹാളിൽ പൊതുദർശനത്തിന് വച്ചിരുന്നപ്പോൾ എ.കെ.ടി.ഒ. സംസ്ഥാന കമ്മിററിക്കു വേണ്ടി ജനറൽ സെക്രട്ടറി ജി. സൂരജ് ആദരാഞ്ജലികൾ നേർന്നു കൊണ്ട് പുഷ്പചക്രം അർപ്പിച്ചു.

28/07/2023:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ടക്ടർ തസ്തികയിലെ പൊതു സ്ഥലമാറ്റം 2023 ഉത്തരവ്, 2017 ലെ കേരള സർക്കാർ പൊതുസ്ഥലമാറ്റഗൈഡ് ലൈനു വിരുദ്ധമായിട്ടാണ് നടത്തിയിട്ടുള്ളത്. അംഗീകൃത സർവ്വീസ് സംഘടനായ എ.കെ.ടി.ഒ. ജനറൽ സെക്രട്ടറി യെപ്പോലും നിയമവിരുദ്ധമായി സ്ഥലം മാറ്റിയിരിക്കുന്നു. ഈ ഉത്തരവ് പുനർ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു നിയമവകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് എ.കെ.ടി.ഒ. നിവേദനം നൽകി.

24/08/2023:- എയിഡഡ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ കെ.ടി.യു. ചട്ടങ്ങളിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.കെ.ടി.ഒ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേററ് യോഗ തീരുമാന പ്രകാരം യൂണിവേഴ്സിറ്റി രജിസ്റ്റാർ ചർച്ചയ്ക്ക് വിളിച്ചു. എ.കെ.ടി.ഒ സംസ്ഥാന ജനറൽ സെക്രട്ടറി സൂരജ് ജി., സംസ്ഥാന വൈസ് പ്രസിഡൻറ് ഏലിയാസ് പോൾ ജില്ലാ കമ്മിറ്റി അംഗം മുഹമ്മദ് അഷറഫ്, ടി.കെ.എം. കോളേജ് എഞ്ചിനീയറിംഗ് യൂണിറ്റ് പ്രസിഡൻറ് ഷെഫീക്ക്, സെക്രട്ടറി ഷെർജ്ജു എന്നിവർ പങ്കെടുത്തു.

19/10/2023:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻസ്ട്രക്ടർ ഗ്രേഡ് I, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിൽ മൂന്ന്(3) ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ തസ്തിക മാറ്റം വഴി നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.കെ.ടി.ഒ. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്കും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കും നിവേദനം നൽകി.

09/11/2023:- ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികളുടേയും ഒഴിവുകൾ ഉടൻ നികത്തണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം നൽകി.

ആയതിനാൽ എ.കെ.ടി.ഒ. അനുഭാവികൾ കോടതിയെ സമീപിച്ചിരിക്കുകയാണ്.

9. സംഘടനയുടെ ന്യൂസ്ലെറ്റർ പ്രസിദ്ധീകരിക്കുന്നതിന് എഡിറ്റോറിയൽ ടീമിനെ യോഗം ചുമതലപ്പെടുത്തി.

10. മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ ജില്ലാ സെക്രട്ടറിമാർക്ക് കത്തെഴുതാൻ ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതുവരെ ജില്ലാ കമ്മറ്റികൾ പിരിച്ച ഫണ്ട് സംസ്ഥാന കമ്മറ്റിക്ക് നൽകിയിട്ടില്ല എങ്കിൽ ഉടൻ സംഘടനാഅക്കൗണ്ടിൽ നിക്ഷേപിച്ച് രസീത് കൈപ്പറ്റേണ്ടതാണ്. മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അതത് ജില്ലകളിലെ ജില്ലാ സെക്രട്ടറിമാർ, ജില്ലാപ്രസിഡൻ്റ്മാർ, സംസ്ഥാന കമ്മിറ്റിയംഗങ്ങൾ എന്നിവരെ ചുമതലപ്പെടുത്തുകയും, മെമ്പർഷിപ്പ്-വർക്കിംഗ് ഫണ്ട് (450/- രൂപ) എന്നിവ പരമാവധി സ്വരൂപിക്കാൻ യൂണിറ്റ് വിസിറ്റിംഗ് നടത്തുവാനും ആയതിലേക്കുള്ള ചിലവ് സംസ്ഥാന കമ്മിറ്റി വഹിക്കുവാനും ഫണ്ട് പൂർണ്ണമായും പിരിക്കുവാനും തീരുമാനിച്ചു. യൂണിറ്റ് വിസിറ്റിംഗ് തീയ്തി മുൻകൂട്ടി സംസ്ഥാന കമ്മിറ്റി ഓഫീസിൽ അറിയിക്കുക.

11. സംസ്ഥാന സമ്മേളനം 2023 ഡിസംബർ മാസം കൊല്ലത്ത് വച്ച് നടത്തുവാനും അതിനു മുന്നോടിയായുള്ള ജില്ലാ സമ്മേളനങ്ങൾ നവംബർ 30 ന് മുൻപും യൂണിറ്റ് സമ്മേളനങ്ങൾ ഒക്ടോബർ 31 ന് മുൻപും നടത്തുവാൻ തീരുമാനിച്ചു.

# ജനറൽ സെക്രട്ടറിയുടെ കോളം



രാജ്യപുരോഗതി സാങ്കേതിക വിദ്യയിലൂടെ എന്ന മുദ്രാവാക്യവുമായി ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡ്സ്മാൻമാരുടെയും ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനായി ശ്രീ.ഉണ്ണികൃഷ്ണൻ മാഷിന്റെ കഠിനപ്രയത്നത്തിലൂടെ 1991–ൽ ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ (എ.കെ.ടി.ഒ.) രൂപം കൊള്ളുകയും 1992 ആഗസ്റ്റ് 19 ന് സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു. കഴിഞ്ഞ മുപ്പത്തിരണ്ട് വർഷങ്ങളായി എ.കെ.ടി.ഒ. യുടെ നിരന്തര സമ്മർദ്ദത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഫലമായി ഒട്ടേറെ കാര്യങ്ങൾ നേടിയെടുക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. വർക്ക്ഷോപ്പ് അറ്റൻഡർ ട്രേഡ്സ്മാൻ എന്നാക്കി മാറ്റുവാനും ട്രേഡ്സ്മാന്റെ വിദ്യാഭ്യാസ യോഗ്യത ഉയർത്തിയതും 9–ാം ശമ്പള പരിഷ്കരണത്തിലെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടറുടെ അനോമലി പരിഹരിച്ചതും ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാനതലത്തിലാക്കി മാറ്റുവാൻ സാധിച്ചതും, വകുപ്പിലെ അർഹരായ ക്ലാസ്സ് IV ജീവനക്കാർക്ക് ട്രേഡ്സ്മാൻ തസ്തികമാറ്റനിയമന ഉത്തരവ് ഇറക്കിയതും 12/07/2021 –ൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി 90 ടെക്നിക്കൽ സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിച്ചതും സംഘടനയുടെ ശക്തമായ ഇടപെടൽ മൂലമാണ്. യൂണിറ്റു തലത്തിൽ അംഗങ്ങൾക്ക് നേരിട്ട പ്രശ്നങ്ങളിൽ സംഘടന ശക്തമായി ഇടപെട്ട് പ്രശ്ന പരിഹാരം നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സംഘടന രൂപീകരിക്കുന്നതിനുമുൻപ് നമ്മുടെ ജീവനക്കാർക്ക് പല വിധത്തിലുള്ള ത്യാഗങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ സംഘടനയുടെ പിറവിയോടെ ജീവനക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അർഹമായ പരിഗണന നേടിയെടുക്കാനും എ.കെ.ടി.ഒ.യ്ക്കു കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കക്ഷി രാഷ്ട്രീയഭേദമന്യേ പ്രവർത്തിക്കുന്ന ഏക അംഗീകൃത സർവ്വീസ് സംഘടനയാണ് എ.കെ.ടി.ഒ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ രണ്ടാം ഘട്ടമായി 90 ടെക്നിക്കൽ സ്റ്റാഫുകളുടെ തസ്തികകുടി നമുക്ക് ലഭിക്കേണ്ടതുണ്ട്.

11–ാം ശമ്പള പരിഷ്കരണ അനോമലി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിശേഷാൽ ചട്ട ഭേദഗതി, ട്രേഡ്സ്മാൻ തസ്തികയുടെ പേര് ട്രേഡ് ടെക്നീഷ്യൻ എന്ന് പുനർനാമകരണം ചെയ്തത് എന്നിവയൊക്കെ നമ്മുടെ മുന്നിലുണ്ട്. “ഒറ്റക്കെട്ടായി മുന്നേറുക..., സംഘടനയെ ശക്തിപ്പെടുത്തുക” എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഓരോ ജീവനക്കാരും പ്രവർത്തിക്കുക.

**സൂരജ് ജി., ജനറൽ സെക്രട്ടറി**

**Editorial Board :** Sri. Biju S., Sri. Sooraj G., Sri. V.P. Eldhose, Smt.S. Baby, Sri. N.R. Sreejimon, Sri. T.I. Shanavas

## ട്രേഡ്സ്മാൻ തസ്തികയുടെ പേര് ട്രേഡ് ടെക്നീഷ്യൻ എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവിറങ്ങി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ട്രേഡ്സ്മാൻ എന്ന തസ്തികയുടെ പേര് ലിംഗ നിഷ്പക്ഷതക്ക് അനുയോജ്യമായ വിധത്തിൽ ട്രേഡ് ടെക്നീഷ്യൻ എന്നു പുനർ നാമകരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ് ഉത്തരവിറക്കി. ട്രേഡ്സ്മാൻ തസ്തികയിൽ വനിതാ ജീവനക്കാരും ജോലി ചെയ്യുന്നുള്ളതിനാൽ ’ട്രേഡ്സ്മാൻ’ എന്ന പേര് ലിംഗ നിഷ്പക്ഷതയ്ക്ക് വിരുദ്ധമാണെന്നും ആയതിനാൽ പ്രസ്തുത തസ്തിക ട്രേഡ് ടെക്നീഷ്യൻ’ എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

## ടെക്നിക്കൽ ഹൈസ്കൂളുകൾ ആഴ്ചയിൽ 5 ദിവസത്തെ പ്രവൃത്തിദിന സമ്പ്രദായം പുനഃസ്ഥാപിക്കണം. എ.കെ.ടി.ഒ. നിവേദനം നൽകി.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ.ശനിയാഴ്ചകൾ പ്രവൃത്തി ദിനമാക്കി ഉത്തരവ് ഇറങ്ങി. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾ എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ (6 മണിക്കൂർ /ദിവസം) ആഴ്ചയിൽ 30 മണിക്കൂർ പ്രവർത്തിക്കുമ്പോൾ, ഗവ. ടെക്നിക്കൽ ഹൈസ്കൂളുകൾക്ക് 9AM മുതൽ 4:30PM വരെ (7½ മണിക്കൂർ/ദിവസം) പ്രവർത്തിസമയം ഉണ്ട്, ഇത് ആഴ്ചയിൽ 37½മണിക്കൂർ ആണ്. ശനിയാഴ്ചയും പ്രവൃത്തിദിനമാക്കിയാൽ അത് ആഴ്ചയിൽ 45 മണിക്കൂറായി ഉയരും. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾ ആരോഗ്യം, കല, പ്രവൃത്തിപരിചയം മുതലായവ ഉണ്ടെന്ന് കാണാൻ കഴിയും. എന്നിരുന്നാലും, ടെക്നിക്കൽ ഹൈസ്കൂൾ പാഠ്യപദ്ധതിക്ക്, വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് ഡ്രോയിംഗ് പഠിക്കുകയും അവരുടെ പതിവ് പഠനസമയത്ത് ചെയ്യുന്ന പ്രാക്ടിക്കലുകളുടെ റെക്കോർഡ് ബുക്കുകൾ എഴുതുകയും വേണം. സാധാരണയായി ശനി–ഞായർ വാരാന്ത്യങ്ങൾ അതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ്. ടെക്നിക്കൽ ഹൈസ്കൂ ളുകളുടെ എണ്ണം വളരെ കുറവാണ്, 39 സ്കൂളുകൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് (ഡിടിഇ) കീഴിലും 9 സെക്കൻഡറി ലെവൽ സ്കൂളുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐഎച്ച്ആർഡി) നിയന്ത്രിക്കുന്നവയുമാണ്. അതിനാൽ, ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന പല വിദ്യാർത്ഥികൾക്കും ഏകദേശം 40–50 കിലോമീറ്റർ അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യണം, അതായത് അവർ അവരുടെ വീട്ടിൽ നിന്ന് ഏകദേശം 6.00 AM ന് ഇറങ്ങേണ്ട അവസ്ഥയാണുള്ളത്. ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കിയാൽ ഇതെല്ലാം വിദ്യാർത്ഥികളുടെ പഠനഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കും. അത് അവരുടെ പ്രകടനത്തെ വളരെ മോശമായി ബാധിക്കും.നിലവിലുള്ള 5 ദിവസത്തെ ആഴ്ചയിലെ പഠനങ്ങൾക്കൊപ്പം ഭാഗങ്ങൾ പൂർത്തിയാക്കുന്നതിൽ ഇതുവരെ ഒരു ടെക്നിക്കൽ സ്കൂളും ബുദ്ധിമുട്ട് റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ, ഈ വിഷയം പരിശോധിച്ച് ആഴ്ചയിലെ 5 ദിവസത്തെ പ്രവൃത്തിദിന സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.കെ.ടി.ഒ. നിവേദനം നൽകി.

## ‘ട്രേഡ് ടെക്നീഷ്യൻ‘ പുനർ നാമകരണം–സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തണം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ‘ട്രേഡ്സ്മാൻ‘ എന്ന തസ്തികയുടെ പേര് ലിംഗ നിഷ്പക്ഷതക്ക് അനുയോജ്യമായ വിധത്തിൽ ‘ട്രേഡ് ടെക്നീഷ്യൻ‘ എന്നു പുനർ നാമകരണം ചെയ്തതു സംബന്ധിച്ച വിഷയം, എ.കെ.ടി.ഒ. ജനറൽ സെക്രട്ടറി സൂരജ്.ജി ഉന്നയിച്ചിരിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ, സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി. അതിന്മേൽ ഉചിതമായ തീരുമാനം കൈക്കൊണ്ട് സർക്കാരിനെ അറിയിക്കുവാൻ നിർദേശിച്ചു.

**BANK ACCOUNT DETAILS :**
Syndicate Bank, Aluva Branch,
A/c No. : 46002200097005, IFSC Code : SYNB0004318

*Edited, Printed & Published by : General Secretary, All Kerala Trade Instructors and Tradesmans Organization, State Committee. Designed by : AS digital Kottayam. Printed at : Dona Colour Printers, Kottayam*